മനവോ മനുപുത്രാശ്ച മുനയശ്ച മഹീപതേ
ഇന്ദ്രാ: സുരഗണാശ്ചൈവ സർവ്വേ പുരുഷശാസനാ: (8-14-2)
സ്തൂയമാനോ ജനൈരേഭിർമ്മായയാ നാമരൂപയാ
വിമോഹിതാത്മഭിർന്നാനാദർശനൈർന്ന ച ദൃശ്യതേ (8-14-10)

*പരീക്ഷിത്തിൻെറ ഒരു ചോദ്യത്തിനു മറുപടിയായി ശുകമുനി പറഞ്ഞു:*
മനുക്കളും അവരുടെ പുത്രന്മാരും ദേവന്മാരും അവരുടെ രാജാവായ ഇന്ദ്രനും മാമുനികളും എല്ലാവരും ഭഗവാൻെറ നിയന്ത്രണത്തിൻ കിഴിലാണ്. ഓരോ ലോകചക്രത്തിലും ഭഗവാൻ ഒരംശാവതാരമായെങ്കിലും അവതരിച്ച് മനുവിനെ ധർമ്മപാതയിൽ നയിക്കുന്നു. അങ്ങിനെ മനു, നിയമങ്ങളും ധർമ്മവും പരിപാലിക്കുന്നു. നാലു ഘടകങ്ങളുള്ള ധർമ്മപാതയിൽ - തപസ്സ്, പരിശുദ്ധി, ദയ, സത്യം - ജനത്തെ നയിക്കുന്നു. രാജാക്കന്മാർ ധർമ്മത്തേയും ധാർമ്മീകാചാരങ്ങളേയും പരിരക്ഷിക്കുന്നു. ദേവതകൾ തങ്ങൾക്ക് ലഭിക്കുന്ന യാഗാർഘ്യം സ്വീകരിച്ച് സംതൃപ്തരായി ജനങ്ങൾക്ക് ഐശ്വര്യത്തെ പ്രദാനം ചെയ്യുന്നു.

ഭഗവാൻ സ്വയം മാമുനികൾമുഖേന ജനത്തിന് വിജ്ഞാനവും വിവേകവും ഉണ്ടാക്കുന്നു. ഭഗവൽകിരണങ്ങൾ തന്നെയാണല്ലോ ഋഷികൾ. യാഗാചാരക്രമങ്ങൾ ജനത്തെ പഠിപ്പിക്കുന്നതും മറ്റു മുനിമാർ വഴി ഭഗവാനല്ലാതെ മറ്റാരുമല്ല. യോഗാഭ്യാസഗുരുക്കന്മാർ വഴി ആത്മസാക്ഷാത്ക്കാരമാർഗ്ഗവും മറ്റും പഠിപ്പിക്കുന്നതും അതേ ഭഗവാൻ തന്നെ. സൃഷ്ടിക്കപ്പെട്ടവയിലെ ഭഗവാനായി വാണരുളി സൃഷ്ടിയെ പ്രോത്സാഹിപ്പിക്കുന്നതും ഭഗവാനത്രെ.

പലേവിധത്തിലുള്ള നാമരൂപങ്ങളാൽ ഭഗവാൻെറ മഹിമകൾ പ്രകീർത്തിക്കപ്പെടുന്നുണ്ടെങ്കിലും മായാവലയത്തിനകപ്പെട്ടതിനാൽ മനുഷ്യർക്ക് ഭഗവാനെ സാക്ഷാത്ക്കരിക്കാനാവുന്നില്ല.

*(മേൽപ്പറഞ്ഞ കാര്യങ്ങൾ ധർമ്മത്തെ കാലപരിധിയിൽനിന്നും മോചിപ്പിക്കുന്നു. എല്ലാ കാലത്തും അതാതു ഗുരുക്കന്മാരും, നിയമകർത്താക്കളും -ഭഗവദ് അംശങ്ങൾ തന്നെ- ഉണ്ടായിരുന്നു. ധർമ്മത്തെ സ്ഥല പരിധിയിൽനിന്നും മോചിപ്പിക്കുന്നു. ഭൂമിയിൽ മാത്രമല്ല വിശ്വത്തിൻെറ എല്ലാ അംശങ്ങളിലും അതാതിടത്തിൻെറ ഗുരുക്കന്മാരും നിയമകർത്താക്കളും ഉണ്ട്. അങ്ങിനെ ധർമ്മം, വിശ്വതോന്മുഖമത്രെ. ഏതാണോ മനുഷ്യനെ വിശ്വതോന്മുഖവും ഏകവുമായ സാക്ഷാത്കാരത്തിലേക്ക് നയിക്കുന്നത്, അതത്രെ ധർമ്മം. മറ്റെല്ലാം ബന്ധനങ്ങളത്രെ.)*